**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുതിയ ചുവടുവയ്പ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ചുവടുവയ്പ്പുകളും പഠിക്കുന്നതിനും മാതൃകയാക്കുന്നതിനുമായി കർണ്ണാടകയിലെ ഉന്നതതല സംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും മനസ്സിലാക്കുന്നതിന്, അഞ്ചാം കർണ്ണാടക ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. പി. നാരായണസ്വാമിയുടെ നേതൃത്വത്തിലുള്ള സംഘം 2024 മെയ് മാസം സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉന്നതതല സംഘവുമായി വകുപ്പ് മന്ത്രി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ചർച്ചയുടെ വിശദാംശം നൽകാമോ; | (ബി) | പ്രസ്തുത ഉന്നതതല സംഘവുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചർച്ച നടത്തിയിരുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മന്ത്രി വിശദീകരിക്കുകയും, അധികാര വികേന്ദ്രീകരണത്തിൽ കേരളത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് സംഘം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതു വിതരണം, തദ്ദേശ ഭരണം, തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ ഒട്ടേറെ മാതൃകകൾ കർണാടകം പകർത്തിയിട്ടുള്ള അനുഭവങ്ങളും ചർച്ച ചെയ്യപ്പെട്ടു. അധികാരവികേന്ദ്രീകരണം ശക്തിപെടുത്തുവാൻ കേരളവും കർണാടകവും ഇതര സംസ്ഥാനങ്ങളും യോജിച്ച പ്രവർത്തനം നടത്തണമെന്നും കർണാടക ധനകാര്യ കമ്മീഷൻ അംഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ, വികേന്ദ്രീകൃതാസൂത്രണം, അവ കേരളത്തിൽ നടപ്പിലാക്കുന്ന രീതി, കൂടാതെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ടു. |
| (സി) | കേന്ദ്ര സർക്കാരിന്റെ പുതിയ നിയമങ്ങളും നിബന്ധനകളും മൂലം തദ്ദേശസ്ഥാപനങ്ങളുടെ | (സി) | കേന്ദ്ര സർക്കാരിന്റെ വിവിധ നയങ്ങൾ മൂലം കർണ്ണാടകയും പരാധീനതകൾ അനുഭവിക്കുന്നുണ്ട് എന്ന് സംഘം അറിയിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ |

| | | | |
|---|---|---|---|
| | വികസന പദ്ധതികളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പ്രസ്തുത ചർച്ചയിൽ ഉയർന്നു വന്നിട്ടുണ്ടോ; | | കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് കർണ്ണാടകയ്ക്ക് അനുവദിച്ചിട്ടും കേന്ദ്ര സർക്കാരിന്റെ അധിക നിബന്ധനകൾ പ്രകാരം തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണ് എന്നും സംഘം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരുകൾക്കുമേൽ സാമ്പത്തിക നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെ കേരളവും കർണാടകയും നടത്തിയ ജനകീയ സമരങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായി. സാമ്പത്തിക വിവേചനത്തിനെതിരെ കേരളം സുപ്രീംകോടതിയിൽ നടത്തിയ നിയമപോരാട്ടത്തിന്റെ ഗുണം കർണാടകയ്ക്കും ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും സംഘം പ്രത്യാശ പ്രകടിപ്പിച്ചു. |
| (ഡി) | സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളാണ് കർണ്ണാടകയിൽ മാതൃകാപദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് പ്രസ്തുത സംഘം അറിയിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സംസ്ഥാനവുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ സംവിധാനം മികവുറ്റതാണെന്നും കേരളത്തിലെ ആസൂത്രണ സംവിധാനം സംബന്ധിച്ച് കൂടുതൽ പഠിക്കാനുണ്ടെന്നും സംഘം അറിയിച്ചിട്ടുണ്ട്. കേരളത്തിലെ നഗരസഭകളിൽ നടപ്പാക്കിയ കെ-സ്മാർട്ട് സോഫ്റ്റ്-വെയർ കർണ്ണാടകയിൽ നടപ്പാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനുമായി കർണ്ണാടക സർക്കാർ എം.ഒ.യു. ഒപ്പ് വെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ